നിന്റെ ശ്രദ്ധയിൽപ്പെടുത്താനാണു് ഞാൻ ഈ പ്രശ്നം ഉന്നയിച്ചതു്. അതുകൊണ്ടു് ഇക്കാര്യത്തിൽ അടിയന്തിരമായ നടപടി ഗവണ്മെന്റു് എടുക്കണമെന്നു് അഭ്യർത്ഥിക്കുകയാണു്.

വ്യവസായമന്ത്രി (ശ്രീ ടി. വി. തോമസു്) : സർ, കണ്ണൂർ സ്പിന്നിംഗ് മിൽ പൂട്ടിയിട്ടിരിക്കുകയാണെന്നുള്ളതു് ശരിയാണു്. എന്നാൽ അതിലെ സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളെ സംബന്ധിച്ചു് ബഹുമാനപ്പെട്ട മെംബർമാർ ശരിക്കു മനസ്സിലാക്കിയിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുകയാണു്. ഈ മില്ലിന്റെ മറ്റൊരു യൂണിറ്റു് മാഹിയിൽ പ്രവർത്തിക്കുകയാണു്. അങ്ങനെ രണ്ടു സ്റ്റേറ്റിൽ പ്രവർത്തിക്കുന്ന രണ്ടു യൂണിറ്റുകളും ഒരു സ്ഥാപനത്തിന്റെ കീഴിൽ ആയതുകൊണ്ടു് ഈ ഗവൺമെന്റിനു് ഫലപ്രദമായി നടപടികളും നടത്തുന്നതിനു് ബുദ്ധിമുട്ടുണ്ടു്. രണ്ടാമതു്, ഈ മില്ലിന്റെ ആസ്തികളും മുഴുവൻ ഇൻഡ്യൻ ഫൈനാൻസു് കാർപ്പറേഷനിൽ പ്ലെഡ്ജു് ചെയ്തിരിക്കുകയാണു്. സാമ്പത്തികസഹായം ചെയ്യണമെങ്കിൽ സെക്കൻഡു് ചാർജ്ജു് മാത്രമേ കിട്ടുകയുള്ളു സെക്കൻഡു് ചാർജ്ജു് വാങ്ങുന്നതിനുതന്നെ ഫസ്റ്റു് ചാർജ്ജു് കാരനായ കാർപ്പറേഷന്റെ സമ്മതവും വേണം. സമ്മതം ലഭിക്കുന്നതിനു ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. അതുമാത്രമല്ല ഈ മില്ലിന്റെ ഡയറക്ടർമാർ തമ്മിൽ അഭിപ്രായ വ്യത്യാസമുള്ളതുകൊണ്ടു്, സാമ്പത്തികസഹായത്തിനുള്ള ഉറപ്പായി ഗാരണ്ടി നൽകാൻ ഡയറക്ടർമാർ എല്ലാവരുംതന്നെ തയ്യാറാകുകയുമില്ല. ഏതായാലും 10 ലക്ഷം രൂപ ലോൺ ആയി കൊടുക്കാൻ ഫാൻസിലും ഫൈനാൻസുകോർപ്പറേഷനു സാധിക്കുമോ എന്നു നോക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ടു്. ഇൻഡ്യൻ ഫൈനാൻസു് കാർപ്പറേഷന്റെ സമ്മതത്തോടുകൂടി സെക്കൻഡു് ചാർജ് വാങ്ങി ഗാരണ്ടി കൊടുക്കുന്നതിനും ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. വേഗതയോടുകൂടിയും ആത്മാർത്ഥമായും ഇക്കാര്യത്തിൽ ഗവണ്മെന്റു് നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണു്. ഒന്നോ രണ്ടോ ആഴ്ചകളിൽ ഒരു തീരുമാനത്തിലെത്താൻ സാധിക്കുമെന്നാണു് ഗവണ്മെന്റിന്റെ പ്രതീക്ഷ. ഇത്രമാത്രമാണു് ഇതേപ്പറ്റി ഈയവസരത്തിൽ പറയാനുള്ളതു്

7. PAPERS LAID ON THE TABLE

Revenue Minister (**Smt: K. R. Gouri**) : Sir, I lay on the table:

(a) a copy of the Notification No. 19160/D4/68/RD dated 22nd October, 1968 (S. R. O. No. 414/68) issued by the Government under section 7 of the Kerala Land Assignment Act, 1960 (30 of 1960) containing amendment to the Rules for the Lease of Government Lands for Cardamom Cultivation, 1961.

(b) A copy of the G. O. MS. 376/69/RD dated 30th July 1969 (S.R.O. No. 315/69) issued by the Government under clause (a) of sub-section (1) of section 9 of the Kerala Stamp Act, 1959 (17 of 1959).

Transport Minister (**Shri E. K. Imbichi Bava**) : I lay on the Table.

(a) A copy of the Notification G. O. (P) 13/69/Plg. dated 16th July 1969 (S R.O. No. 289/69) issued by the Government under sub-section (1) of section 2 of the Kerala Public Services Act, 1968 (19 of 1968) containing amendments to Special Rules in respect of the Kerala Statistics and Economics Service.

(b) A copy each of the following Notifications issued by the Government under section 68 of the Motor Vehicles Act, 1939 (Central Act 4 of 1939).

(i) Notification G.O. (P) No. 36/PW dated 21st February 1969 (S.R.O. No. 102/69).

LIBRARY ARCHIVES Kerala Legislative Assembly